**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 573** **17-09-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) | പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ വികസന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ആദ്യ ഘട്ടമായി ഭൂമിയേറ്റെടുക്കലിന് കിഫ്ബി 20.10.2023ൽ 98.305 ലക്ഷം രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് പ്രവൃത്തിയുടെ DPR-ഉം ഭൂമിയേറ്റെടുക്കലിനുള്ള അധിക തുകയും, ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയായ KRFB പുതുക്കിയ ധനാനുമതിക്കായി പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നതും, ഇതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിച്ചിരുന്നതുമാണ്. ഇത് പരിശോധിച്ച് കിഫ്ബി രണ്ടാമത്തെ സാങ്കേതിക അവലോകന റിപ്പോർട്ട് നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 02.07.2024-ന് 6(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. അതിർത്തി കല്ലിടൽ പൂർത്തീകരിച്ച ശേഷമുള്ള ഡ്രോയിങ്ങ് എൽ.എ തഹസിൽദാർക്ക് 15.09.2025-ന് സമർപ്പിക്കുന്നതാണെന്ന് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. |
| (സി) | നടപടികൾ പൂർത്തീകരിച്ച് പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; അറിയിക്കാമോ? | (സി) | കിഫ്ബി നൽകിയ സാങ്കേതിക അവലോകന റിപ്പോർട്ടിന് നിർവ്വഹണ ഏജൻസി തൃപ്തികരമായ മറുപടി സമർപ്പിയ്ക്കുന്ന മുറയ്ക്ക് കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സിവിൽ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തിയ പുതുക്കിയ ധനാനുമതി |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. റവന്യൂ വകുപ്പ് ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ KRFB-ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ